‘ഒരു ജനത എം.ഐ.തങ്ങളെ വായിക്കുന്നു’ പദ്ധതിക്ക് പിന്തുണ



റിയാദ്: ചിന്തകനും ഗ്രന്ഥകാരനും മുസ്‌ലിം ലീഗ് നേതാവുമായിരുന്ന ഐ ഐ തങ്ങളുടെ രചനകൾ പൊതുസമൂഹത്തിലെത്തിക്കുന്നതിന് കെ എം സി സി വനിതാ വിംഗിന്റെ പിന്തുണ. ഗ്രേസ് എജ്യൂക്കേഷണൽ അസോസിയേഷന്റെ ‘ഒരു ജനത എം ഐ തങ്ങളെ വായിക്കുന്നു’ പദ്ധതിക്ക് ധന സഹായം നൽകിയാണ് പിന്തുണക്കുന്നത്. ചെയർപേഴ്സൺ ഖമറുന്നിസ മുഹമ്മദ് ഗ്രേസ് ചാപ്റ്റർ മുഖ്യ രക്ഷാധികാരി ഉസ്മാൻ അലി പാലത്തിങ്ങലിന് ധനസഹായം കൈമാറി. എം.എസ്.എഫ് സംസ്ഥാന കമ്മിറ്റി കൗൺസിലർമാർ, വിദ്യാർത്ഥിനി വിഭാഗമായ ഹരിതയുടെ തെരഞ്ഞടുത്ത അൻപത് പ്രതിനിധികൾ എന്നിവർക്കു എം.ഐ.തങ്ങൾ രചിച്ച അഞ്ച് പുസ്തകങ്ങളും ശിഹാബ് തങ്ങൾ സ്മരണികയും സമ്മാനിക്കുന്നതിനുള്ള സാമ്പത്തിക സഹായമാണ്

കൈമാറിയത്.

ആയിരത്തി അഞ്ഞൂറ് രൂപ വിലയുള്ള പുസ്തകങ്ങളാണ് വിതരണം ചെയ്യുന്നത്. മുസ്‌ലിം ലീഗ് ദർശനവും ദൗത്യവും, സ്വാതന്ത്ര്യസമരത്തിൽ മുസ്‌ലിം സമുദായം, സർ സയ്യിദ് അഹമ്മദ്ഖാൻ, സംഘബോധത്തിന്റെ ഹരിത സാക്ഷ്യങ്ങൾ തുടങ്ങിയ പുസ്തകങ്ങളാണ് വിതരണം ചെയ്യുന്നത്. ന്യൂനപക്ഷ രാഷ്ട്രീയത്തിന്റെ ദാർശനിക വഴികളെ വ്യക്തമായി നിർവചിക്കപ്പെട്ട എഴുത്തുകാരനായിരുന്നു എം.ഐ.തങ്ങൾ. പുതിയ കാലത്ത് അദ്ദേഹത്തെ വായിക്കുന്നതുവഴി വലിയ രാഷ്ട്രീയ ധർമ്മമാണ് നിർവ്വഹിക്കുന്നത്. പദ്ധതിയുടെ ഭാഗമാവാൻ കഴിഞ്ഞതിൽ ചാരിതാർത്ഥ്യമുണ്ടെന്ന് ഭാരവാഹികൾ പറഞ്ഞു. പ്രസിഡന്റ് റഹ്മത്ത് അഷ്റഫ്, ജനറൽ സെക്രട്ടറി ജസീല മൂസ, ട്രഷറർ നുസൈബ മാമു, ഭാരവാഹികളായ ത്വാഹിറ മാമുക്കോയ, ഹസ്ബിന നാസർ,ഫസ്ന ഷാഹിദ്, നജ്മ ഹാഷിം, സാറ നിസാർ എന്നിവർ പങ്കെടുത്തു.

